




**ജിൻസ് കാവാലി**
ഗവേഷണവിദ്യാർഥി
യു.സി. കോളജ് ആലുവ



# കൊളുത്തണം, വരുംതലമുറയ്ക്കായി ഒരു ദീപമെങ്കിലും

‘ദൈവം ആ ചോദ്യം ഉന്നയിക്കുന്ന അതിഭയങ്കരമായ നിമിഷത്തെക്കുറിച്ചോർത്ത് ഞാനെന്നും നടുങ്ങിയിരുന്നു: ഒരു തെളിവു കാണിച്ചുതരൂ, ഭൂമിയിൽ ധൂർത്തടിച്ച ലക്ഷക്കണക്കിനു മണിക്കൂറുകൾക്കിടയിൽ, സ്വന്തം ശരീരത്തിന്റെയും മനസ്സിന്റെയും സുഖങ്ങൾക്കായല്ലാതെ, വരുംതലമുറയ്ക്കായി നീ കൊളുത്തിവച്ച ഏതെങ്കിലും ഒരു വെളിച്ചത്തിനുള്ള ഒരു തെളിവ്?’

സുഭാഷ് ചന്ദ്രന്റെ ‘മനുഷ്യന് ഒരു ആമുഖം’ എന്ന നോവലിൽനിന്ന്.

അഡോൾഫ് ഹിറ്റ്ലറുടെ കുപ്രസിദ്ധമായ ഓഷ്വിറ്റ്സ് ക്യാമ്പിലെ നരകയാതനകളെ അതിജീവിച്ച വ്യക്തിയായിരുന്നു എഡ്ഡി ജാകു. 2021 ഒക്ടോബറിൽ 101-ാം വയസ്സിലായിരുന്നു അദ്ദേഹത്തിന്റെ അന്ത്യം. ജാകു തന്റെ അവസാനകാലത്ത് എഴുതിയ പുസ്തകമാണ് ‘The Happiest Man on Earth.’ കോൺസൻട്രേഷൻ ക്യാമ്പിലെ നടുക്കുന്ന പീഡനങ്ങളുടെ ഓർമകൾക്കിടയിലും ജാകു ഇങ്ങനെ ഒരു വരി കുറിക്കുന്നുണ്ട്: “ഒന്നുമാത്രം ഓർക്കുക, നിങ്ങൾ ജീവിച്ചിരിപ്പുണ്ട്. അക്കാര്യത്തിൽ നമ്മളെല്ലാം ഭാഗ്യവാന്മാരാണ്.’’ ജീവിച്ചിരിക്കുക എന്നത്, ഈ ഭൂമിയിൽ ഒരു രാത്രികൂടി സമാധാനമായി ഉറങ്ങി, പുലരിയിലൊരു പുഞ്ചിരിയോടെ എഴുന്നേൽക്കാനാവുക എന്നത് നിസ്സാരമായ ഒരനുഗ്രഹമല്ല; പലപ്പോഴും അതു നാം മനസ്സിലാക്കാറില്ലെങ്കിലും.

ജീവിതത്തിൽ ഒരുപാട് സമയം മുന്നിലുണ്ട് എന്നതാണ് പലപ്പോഴും നാം വച്ചുപുലർത്തുന്ന വലിയൊരു തെറ്റുധാരണ. വരുമോ എന്നുറപ്പില്ലാത്ത നാളയെ പ്രതീക്ഷിച്ച് നാം ഈ ദിനംകൂടി അലസമായി കഴിയാമെന്നു നിശ്ചയിക്കുന്നു. ‘ഒഴികഴിവുകളുടെ പച്ചവിറകിൻമേൽ/ നമ്മുടെ ജന്മദീർഘമായ ശവദാഹം’ എന്നെഴുതുന്നുണ്ട് കെ ജി ശങ്കരപ്പിള്ള.

ഒഴികഴിവുകളിൽ നാം നമ്മുടെ ആഗ്രഹങ്ങളെ അടക്കം ചെയ്യുന്നു. നിരാശയുടെ കരിമ്പടംകൊണ്ടു വലിയ സ്വപ്നങ്ങളുടെ മുഖം മറയ്ക്കുന്നു.

എത്തിച്ചേരാൻ ഒരു ലക്ഷ്യമില്ലാതാകുമ്പോൾ, നേടിയെടുക്കാൻ ഒരു സ്വപ്നമില്ലാതാകുമ്പോൾ നൈമിഷികസുഖങ്ങളിലേക്ക്, വലിയ തിന്മകളിലേക്ക് ഒക്കെയും നമ്മൾ പെട്ടുപോകും. When a person can't find a deep sense of meaning, they distract themselves with pleasure’ എന്നെഴുതുന്നുണ്ട് വിക്ടർ ഫ്രാങ്കിൾ. (Viktor Frankl) ലഹരിമരുന്നു മുതൽ ഇന്റർനെറ്റ് അഡിക്ഷൻ വരെയുള്ള നിരവധിയായ നൈമിഷികസുഖങ്ങളിൽ നമ്മൾ കുരുങ്ങിപ്പോകുന്നത് ജീവിക്കുന്ന ജീവിതത്തിന് അർഥം കണ്ടെത്താൻ സാധിക്കാതെ വരുമ്പോഴാണ്.

മാതാപിതാക്കളുടെയും സഹോദരങ്ങളുടെയും സ്നേഹിതരുടെയും ഉൾപ്പെടെ എത്രയോ പേരുടെ അധ്വാനത്തിലും പ്രാർഥനയിലും പടുത്തുയർത്തപ്പെട്ടതാണ് നാമോരോരുത്തരുടെയും ജീവിതം. അവരുടെ വിയർപ്പുതുള്ളികളോടു കൃതജ്ഞതയുള്ളവരായിരിക്കാൻ നമുക്കു കടമയുണ്ട്. ‘സ്നേഹമാണ് നിങ്ങൾക്കും എല്ലാറ്റിനും ഇടയിലുള്ള പാലം’ എന്നു പറഞ്ഞത് റൂമിയാണ്. നിങ്ങളുടെ വഴികളിൽ വെളിച്ചമായവരോട്, വീഴാനാഞ്ഞപ്പോൾ കൈത്താങ്ങായവരോട് നിങ്ങൾക്ക് യഥാർഥത്തിൽ സ്നേഹമുണ്ടെങ്കിൽ ഒരു ലഹരിക്കും നിങ്ങളെ അടിമയാക്കാനാവില്ല. സ്നേഹത്തോളം വീര്യമുള്ള മറ്റൊരു ലഹരിയുമില്ല ഭൂമിയിൽ.

ഒന്നു ചിന്തിക്കൂ, എത്ര മനോഹരമാണ് നാം ജീവിക്കുന്ന ഈ പ്രപഞ്ചം! ചുറ്റും എത്രയോ മനുഷ്യരുണ്ട്, സ്നേഹസൗഹൃദങ്ങളുടെ സപ്തവർണങ്ങൾ പങ്കിടാൻ. എത്രയോ ഇടങ്ങളുണ്ട് നമുക്കു യാത്ര ചെയ്യാൻ, എത്രയോ പുസ്തകങ്ങളുണ്ട് അറിവിന്റെയും അനുഭൂതിയുടെയും അതുല്യലോകം പകരാൻ.

എത്ര കാഴ്ചകൾ, വർണങ്ങൾ, രുചികൾ... അതൊക്കെയും അനുഭവിക്കാതെ ആസ്വദിക്കാതെ ജീവിതം ജീവിച്ചുതീർക്കുന്നതിൽ എന്തർഥം! അലെഫ് എന്ന നോവലിലൂടെ പൗലോ കൊയ്‌ലോ ഇപ്രകാരം എഴുതുന്നു: “ജീവിക്കുക എന്നാൽ പലതും അനുഭവിക്കുക എന്നാണർഥം. അല്ലാതെ, വെറുതെ എവിടെയെങ്കിലും കുത്തിയിരുന്ന് ജീവിതത്തിന്റെ അർഥത്തെക്കുറിച്ച് ആലോചിക്കുകയല്ല.”

ജീവിച്ചുതന്നെയാണ് നാം ജീവിതത്തിന്റെ അർഥം കണ്ടെത്തേണ്ടത്. എന്നാൽ, ജീവിക്കാൻ തെരഞ്ഞെടുക്കുന്ന വഴി വിവേകപൂർവമായിരിക്കണമെന്നുമാത്രം. നരകപാതയിൽ നടന്നിട്ട് സ്വർഗസൗഭാഗ്യങ്ങൾ തേടുന്നതിൽ അർഥമില്ല.

അർഥപൂർണമായ ഒരു ജീവിതം നയിക്കാൻ ഏറ്റവും അനിവാര്യമായി വേണ്ട ഒന്ന് Commitment അഥവാ പ്രതിബദ്ധതയാണ്. സമൂഹത്തോട്, സ്വഭവനത്തോട്, എല്ലാറ്റിനും ഉപരിയായി അവനവനോട് (അവളവളോടും) ഉള്ള പ്രതിബദ്ധത. സുപ്രസിദ്ധ അമേരിക്കൻ ബ്ലോഗർ ആയ മാർക്ക് മാൻസൺ ഇപ്രകാരം എഴുതുന്നുണ്ട്: ‘പ്രതിബദ്ധത നിങ്ങൾക്കു സ്വാതന്ത്ര്യം തരുന്നു. എന്തുകൊണ്ടെന്നാൽ, നിങ്ങൾ അപ്രധാനവും ബാലിശവുമായ കാര്യങ്ങളിൽ പെട്ടുപോവില്ല. പ്രതിബദ്ധത നിങ്ങളുടെ ജാഗ്രതയെയും ശ്രദ്ധാകേന്ദ്രീകരണത്തെയും പ്രബലപ്പെടുത്തുന്നു. അത് തീരുമാനങ്ങൾ എടുക്കുന്ന പ്രക്രിയയെ എളുപ്പമുള്ളതാക്കുന്നു. എന്തെങ്കിലും നഷ്ടപ്പെടും എന്നുള്ള ഭീതിയെ നിർവീര്യമാക്കുകയും ചെയ്യുന്നു.”

അചഞ്ചലമായ പ്രതിബദ്ധതയാണ് അസൂയാവഹമായ വിജയങ്ങളിലേക്കു നിങ്ങളെ നയിക്കുന്നത്. നിങ്ങളുടെ വിജയം നിങ്ങളുടെ മാത്രം വിജയമല്ല, അതു നിങ്ങളുടെ പിന്നാലെ വരുന്നവർക്ക്, വരുംതലമുറകൾക്ക് ഒക്കെയുമുള്ള പ്രചോദനവും മാതൃകയുംകൂടിയാണ്.

നിങ്ങളിൽ അദമ്യമായ ആഗ്രഹമുണ്ടെങ്കിൽ, ഉള്ളിലെ പ്രതിഭയുടെ കനലിനെ തെളിച്ചെടുക്കാമെന്ന ആത്മവിശ്വാസമുണ്ടെങ്കിൽ ബഹുമുഖപ്രതിഭയാകാൻ നിങ്ങൾക്കു കഴിയും. അതിനുള്ള ഏറ്റവും നല്ല ഉദാഹരണമാണ് രവീന്ദ്രനാഥടാഗോറിന്റെ ജീവിതം. കഥയും കവിതയും നോവലും എല്ലാം എഴുതി സാഹിത്യത്തിനുള്ള നോബൽ പുരസ്കാരം വരെ സ്വന്തമാക്കിയ ടാഗോറിന് ചെറുപ്പംമുതൽ ചിത്രകലയോടും ഏറെ താത്പര്യമുണ്ടായിരുന്നു. എന്നാൽ, യൗവനകാലത്ത് ചിത്രകലയിൽ അധികസമയം ചെലവഴിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. എന്നാൽ, ഓരോ ദിനവും സ്വയം വെല്ലുവിളിച്ച് പുതിയ പാടവങ്ങൾ സ്വന്തമാക്കിയിരുന്ന അദ്ദേഹം 67-ാം വയസ്സിൽ തന്റെ ആദ്യ പെയ്ന്റിംഗ് പൂർത്തിയാക്കി.

പിന്നീട്, പാരീസിലും റഷ്യയിലുംവരെ ചിത്രകലാസ്വാദകർ അദ്ഭുതത്തോടെ നോക്കിനിൽക്കുന്ന ഒട്ടേറെ ചിത്രങ്ങൾ ജീവിതത്തിന്റെ സായംസന്ധ്യയിൽ അദ്ദേഹം സൃഷ്ടിച്ചു.

▶ 10

# ശിക്ഷണമില്ലാതെ പിഴയ്ക്കുന്ന ബാല്യം



**റെയ്ച്ചൽ ജോർജ്**
ബി.കോം. എൽ.എൽ.ബി.
കോ ഓപ്പറേറ്റീവ് സ്കൂൾ
ഓഫ് ലോ, തൊടുപുഴ

"യുവാക്കളുടെ ജ്വലിക്കുന്ന മനസ്സുകളാണ് ഭൂമിയിലെ ഏറ്റവും ശക്തമായ വിഭവം. യുവാക്കളുടെ ശക്തിയെ ശരിയായി നയിക്കുകയാണെങ്കിൽ, അത് വെല്ലുവിളികളെ നേരിടുന്നതിലൂടെ പരിവർത്തനം ചെയ്യപ്പെട്ട മാനവരാശിയെ കൊണ്ടുവരുമെന്നും സമാധാനവും സന്തോഷവും കൊണ്ടുവരുമെന്നും എനിക്കു ബോധ്യമുണ്ട്."

എപിജെ അബ്ദുൾ കലാമിന്റെ വാക്കുകളാണിവ.

ഈ കാലഘട്ടത്തിൽ യുവാക്കളുടെ ശക്തിക്കു ക്ഷയം സംഭവിക്കുകയും അവർ തളർത്തപ്പെടുകയും സമൂഹത്തിൽ തങ്ങളുടെ നില സുഭദ്രമാക്കാൻ സാധിക്കാത്തവരായിത്തീരുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണു കണ്ടുവരുന്നത്. രാജ്യത്തെ അതിന്റെ പൂർണവളർച്ചയിൽ എത്തിക്കാൻ നിർണായകസ്വാധീനം ചെലുത്തേണ്ടത് യുവതലമുറയാണ്. എന്നാൽ, തങ്ങൾക്കു ചുറ്റും എന്താണു സംഭവിക്കുന്നത് എന്നുപോലും വിവേചിച്ചറിയാൻ കഴിയാത്ത ഒരു യുവതലമുറയാണ് ഇന്നുള്ളത്. അത്ര ശുഭകരമായ വാർത്തകളല്ല യുവതലമുറയെപ്പറ്റി നാം കേട്ടുകൊണ്ടരിക്കുന്നത്. ഈ കഴിഞ്ഞ നാളുകളിൽ നമ്മുടെ സമൂഹത്തിൽ നടമാടിയ അക്രമങ്ങളുടെ പട്ടികയിൽ എഴുപതു ശതമാനത്തോളം നടത്തിയിരിക്കുന്നത് 15 നും 25 നും മധ്യേ പ്രായമുള്ള യുവജനങ്ങളാണ്. കുടുംബബന്ധങ്ങളുടെ പരാജയങ്ങൾ, ലഹരിവസ്തുക്കളുടെ ഉപയോഗം, സാമൂഹികമാധ്യമങ്ങളുടെ അതിരുകടന്ന ദുരുപയോഗം, അക്രമങ്ങളെ സ്തുതിച്ചുപാടുന്ന അതിരുവിട്ട കലാസൃഷ്ടികൾ എന്നിവയൊക്കെ പുതുതലമുറയെ അക്രമത്തിന്റെ പാതയിലേക്കു നയിക്കുന്നു. മാതാപിതാക്കളെയും ഗുരുഭൂതരെയും ബഹുമാനിച്ചിരുന്ന തലമുറ അന്യം നിന്നുപോയിരിക്കുന്നു.

'ശൈശവത്തിൽത്തന്നെ നടക്കേണ്ട വഴി പരിശീലിപ്പിക്കുക; വാർധക്യത്തിലും അതിൽനിന്നു വ്യതിചലിക്കുകയില്ല. - സുഭാഷിതങ്ങൾ 22:6

സ്കൂൾ വിദ്യാഭ്യാസകാലഘട്ടത്തിൽ ലഭിച്ചിരുന്ന ശിക്ഷണം നല്ല തലമുറയെ വാർത്തെടുക്കാൻ ഉതകുന്നതായിരുന്നു.

എന്നാൽ, സ്കൂളുകളിൽനിന്നു വടിയും മറ്റു ശിക്ഷകളും ഒഴിവാക്കപ്പെട്ടപ്പോൾ ദുഷിച്ച ഒരു സമൂഹം രൂപംകൊണ്ടിരിക്കുന്നു. യാതൊന്നിനെയും വകവയ്ക്കാത്ത, സാമൂഹികപ്രതിബദ്ധതയില്ലാത്ത മൂല്യബോധമില്ലാത്ത അധഃപതിച്ച ഒരു സമൂഹം സൃഷ്ടിക്കപ്പെടാനുള്ള മൂല കാരണം നല്ല ശിക്ഷണത്തിന്റെ അഭാവമാണ്.



വൈലോപ്പിള്ളിയുടെ മാമ്പഴം എന്ന കവിതയിൽ മാവിൻപൂങ്കുല നുള്ളിയ കുഞ്ഞിനെ അമ്മ വഴക്കു പറയുന്ന രംഗം ചിത്രീകരിച്ചിട്ടുണ്ട്. മാതാപിതാക്കളും കുട്ടികളും തമ്മിലുള്ള ബന്ധങ്ങളിലെ ആഴമാണ് അവർ നൽകുന്ന ശിക്ഷണം.

മാവിൻപൂങ്കുല നുള്ളിയാൽ അടി കിട്ടും എന്നതിനപ്പുറം, കുറച്ചുനാളുകൾക്കുശേഷം നല്ല മാമ്പഴം കഴിക്കാമെന്നുള്ള ചിന്ത കുഞ്ഞുങ്ങൾക്ക് അത്തരം ശിക്ഷണത്തിലൂടെയാണു ലഭിക്കുന്നത്.

മാതാപിതാക്കളും ഗുരുഭൂതരും നൽകുന്ന കൊച്ചുകൊച്ചു ശിക്ഷകൾ ഒരിക്കലും ഒരുവനെയും നാശത്തിലേക്ക് എത്തിക്കുന്നില്ല; മറിച്ച്, തിരിച്ചറിവിന്റെയും മൂല്യബോധത്തിന്റെയും ബാലപാഠങ്ങൾതന്നെയാണ് അവർക്കു ലഭിക്കുന്നത്.

മക്കളെ വഴക്കുപറയാൻ ഭയക്കുന്ന മാതാപിതാക്കളും പുസ്തകത്തിൽ ഒതുങ്ങുന്ന വിദ്യാഭ്യാസസമ്പ്രദായവും സാമൂഹികമാധ്യമങ്ങളുടെ കടന്നുകയറ്റവും യുവതലമുറയെ വഴി തെറ്റിച്ചിരിക്കുന്നു.

ഇനിയെങ്കിലും തിരുത്തപ്പെട്ടില്ലെങ്കിൽ നഷ്ടമാവുന്നത് കെട്ടുറപ്പുള്ള ഒരു നല്ല സമൂഹത്തെയാണ്.

ശിക്ഷണം വെറുക്കുന്ന, തോൽവിയെ ഭയപ്പെടുന്ന, എന്തുമേതും അക്രമത്തിലൂടെ നേടാം എന്നു ചിന്തിക്കുന്ന ഒരു തലമുറയാണ് വളർന്നുവന്നിരിക്കുന്നത് എന്നതിന്റെ തെളിവാണ് ഈ ദിവസങ്ങളിൽ കേരളത്തിൽ നടമാടിയ കൊലപാതകങ്ങൾ. തങ്ങളുടെ മക്കൾ ശരിയാണെന്നു മാതാപിതാക്കളുടെ അമിതമായ വിശ്വാസവും നിയന്ത്രണങ്ങൾ ഒട്ടുമില്ലാത്ത യുവാക്കളുടെ ജീവിതരീതികളും തെറ്റായ കൂട്ടുകെട്ടുകളുമാണ് പുതുതലമുറയെ ഇത്തരം പാതകളിലേക്ക് എത്തിച്ചിരിക്കുന്നത്. തിരുത്തലുകൾ കുടുംബത്തിൽനിന്നുതന്നെ ആരംഭിക്കാം. ഒപ്പം, മാതാപിതാക്കളും അധ്യാപകരും നൽകുന്ന തിരുത്തലുകൾ തങ്ങളെ മെച്ചപ്പെടുത്തുകയാണു ചെയ്യുന്നത് എന്ന തിരിച്ചറിവ് ഓരോ കുട്ടിക്കും ഉണ്ടായിരിക്കട്ടെ.

# നിശ്ശബ്ദഹൃദയങ്ങൾ



**സിറിൾ സജി**
എം.എ. ഇംഗ്ലീഷ്
ഇന്ദിരാഗാന്ധി നാഷണൽ
ഓപ്പൺ യൂണിവേഴ്സിറ്റി

"മാതാവിന്റെ ഉദരത്തിൽ നിനക്കു രൂപം നൽകുന്നതിന് മുമ്പേ ഞാൻ നിന്നെ അറിഞ്ഞു.
ജനിക്കുന്നതിനുമുമ്പേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു."

ജറെമിയ - 1:5

മാർച്ച് 25, അന്താരാഷ്ട്ര ഗർഭസ്ഥശിശുദിനമായി ആചരിക്കുന്നു. മനുഷ്യജീവൻ പകരുന്ന പ്രത്യാശയെയും അതിൽ കുടികൊള്ളുന്ന ദൈവകൃപയെയും ഉദ്ഘോഷിക്കാനുള്ള ഒരു അവസരമാണ് ഈ ദിനം. പിറവിയെടുക്കാനുള്ള അവകാശം ഹനിക്കപ്പെടുന്ന ശിശുക്കളുടെ നിലവിളി ലോകജനതയുടെ കാതുകളിൽ എത്തിക്കുകയും പൈശാചികമായ ഈ അവകാശലംഘനത്തിനെതിരേ അവബോധം സൃഷ്ടിക്കുകയും ചെയ്യുക ഈ ദിനത്തിന്റെ ലക്ഷ്യങ്ങളാണ്. ഗർഭസ്ഥശിശുക്കളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി വാദിക്കുന്നതിനും ഗർഭച്ഛിദ്രം പോലുള്ള അധമപ്രവൃത്തികളെ അപലപിക്കുന്നതിനും ഈ ദിനം അവസരമേകുന്നു. മനുഷ്യസമൂഹത്തിലെ ഏറ്റവും ദുർബലരായ അംഗങ്ങൾ ഇവരാണ് എന്ന തിരിച്ചറിവ് ഈ ദിവസത്തിന്റെ പ്രാധാന്യം ഏറെ വർധിപ്പിക്കുന്നു.

2005 ൽ ലോകത്തോട് വിടപറഞ്ഞ ജോൺ പോൾ രണ്ടാമൻ പാപ്പായാണ് ഈ ദിനത്തോട് ഏറ്റവും അധികം ബന്ധപ്പെട്ടിരിക്കുന്നത്. ഗർഭച്ഛിദ്രത്തെ ഒരു വൈദ്യചികിത്സ എന്ന രീതിയിൽ അദ്ദേഹം എതിർത്തു. മനുഷ്യജീവനെതിരായ ഈ ആക്രമണങ്ങളെ അദ്ദേഹം 'സ്രഷ്ടാവിനെതിരായ ഗുരുതരമായ ലംഘനം' എന്ന അപലപിച്ചു. മുമ്പൊരിക്കൽ നടത്തിയ സംഭാഷണത്തിന്റെ ഫലമെന്നോണം, അർജന്റീനയുടെ മുൻപ്രസിഡന്റ്, കാർലൊസ് മെനെം, 1999 മാർച്ച് 25 ന് തലസ്ഥാനനഗരിയായ ബ്യൂണസ് അയേഴ്സിൽ വച്ച് ആ ദിവസത്തെ അന്താരാഷ്ട്ര ഗർഭസ്ഥശിശുദിനമായി പ്രഖ്യാപിക്കുകയായിരുന്നു. ക്രിസ്തീയവിശ്വാസപ്രകാരം, കന്യകാമറിയത്തെ ഗബ്രിയേൽ മാലാഖ മംഗളവാർത്ത അറിയിച്ച വിശേഷസംഭവമാണ് ആ ദിവസത്തെ തിരഞ്ഞെടുക്കാൻ കാരണം. കത്തോലിക്കാ സഭയുടെയും മറ്റനേകം പ്രോ-ലൈഫ് സംഘടനകളുടെയും പ്രയത്നഫലമായി ഈ ആശയം ലോകമെങ്ങും വ്യാപിച്ചു. അനേകം ലോകരാഷ്ട്രങ്ങൾ ഈ ദിനത്തെ അംഗീകരിച്ചിട്ടുണ്ടെങ്കിലും ഐക്യരാഷ്ട്രസംഘടന ഇതുവരെയും അംഗീകരിച്ചിട്ടില്ല.



ജനനത്തിനു മുമ്പുള്ള മനുഷ്യജീവന്റെ സംരക്ഷണം, പരിപാലനം എന്നീ ചോദ്യങ്ങൾ ദശാബ്ദങ്ങളായി തുടരുന്നതാണ്. സാമൂഹിക, സാംസ്കാരിക, നിയമവിവാദങ്ങളെ നേരിട്ടുകൊണ്ട് ചില രാജ്യങ്ങളിൽ ഗർഭച്ഛിദ്രം നിയമപരിരക്ഷയോടെ ഒരു സ്ത്രീയുടെ അവകാശമായി കണക്കാക്കുമ്പോൾ മറ്റുചില രാജ്യങ്ങളിൽ ഇത് ഒരു നരഹത്യയായി വിലയിരുത്തപ്പെടുന്നു. ലോകാരോഗ്യ സംഘടനയുടെ കണക്കുകൾ പ്രകാരം പ്രതിവർഷം ഏകദേശം 73 ദശലക്ഷം ഗർഭച്ഛിദ്രങ്ങൾ സംഭവിക്കുന്നു. ലോകത്ത് നടക്കുന്ന ഗർഭച്ഛിദ്രങ്ങളിൽ പത്തിൽ ആറെണ്ണവും പ്രേരിതമാണ്. ഇതേ കണക്കുകൾപ്രകാരം, ഗർഭച്ഛിദ്രങ്ങളിൽ 45 ശതമാനം സുരക്ഷിതമല്ല. മാതൃമരണങ്ങൾക്കും രോഗാവസ്ഥകൾക്കും കാരണമാകുന്നു. സ്ത്രീകളിൽ ശാരീരികവും മാനസികവുമായ ആരോഗ്യസങ്കീർണതകൾ സൃഷ്ടിക്കുന്നു.

സ്ത്രീകളെ ഗർഭച്ഛിദ്രങ്ങൾക്കു പ്രേരിപ്പിക്കുന്ന ഘടകങ്ങൾ അനേകമാണ്. ആധുനികജീവിതശൈലിയുടെ പരിണതഫലമായി ഉടലെടുക്കുന്ന കുടുംബമൂല്യങ്ങളിലെ ഇടിവ്, പുരോഗമനചിന്താധാരകളുടെ ആധിപത്യം, കോർപ്പറേറ്റ് താത്പര്യങ്ങൾ, സ്ത്രീസ്വാതന്ത്ര്യവാദങ്ങളുടെ ചൂഷണം തുടങ്ങിയവ ഇതിന്റെ ആക്കം കൂട്ടുന്നു. സാമ്പത്തിക അനിശ്ചിതത്വം, കുടുംബപീഡനങ്ങളുടെ വർധന എന്നിവ ഇതിന്റെ മൂർച്ച കൂട്ടുന്നു.

പിറവിയെടുക്കുന്നതിനു മുമ്പേ മരണപ്പെടുന്ന ജീവന്റെ വേദന, രോദനം വാക്കുകളിൽ ഒതുങ്ങുന്നതല്ല. ഓരോ ജീവനും അത്രമേൽ അമൂല്യമാണ്. അതിലുപരി ഈശ്വരന്റെ വരദാനമാണ്. ഉദരഫലം സർവശക്തന്റെ സമ്മാനമാകുന്നു. മനുഷ്യജീവന്റെ മൂല്യം ഏറ്റവും അധികം തിരിച്ചറിയുന്ന മാതാപിതാക്കൾ അതിനു മുൻകൈയെടുക്കുന്നത് തീർത്തും ഹീനമാണ്. കാവൽക്കാരൻ മർദകരുടെ വേഷമണിയരുത്. സ്വന്തം സഹോദരന്റെ കാവൽക്കാരനാകാൻ ഓരോ മനുഷ്യനും കടപ്പെട്ടിരിക്കുന്നു. ദൈവം അത് അഭിലഷിക്കുന്നു. ഈ ദിനം അതിന് നമ്മെ പ്രേരിതരാക്കട്ടെ. സ്നേഹത്തിന്റെ പടച്ചട്ടയണിഞ്ഞ് ജീവന്റെ പ്രഘോഷകരാകാൻ നമുക്കു സാധിക്കട്ടെ. ■






**അഞ്ജു കെ. ഷാജി**
ഗിരിദീപം കോളജ്
കോട്ടയം





**ജിസ്മോൻ ജോഷി**
സെന്റ് മേരീസ് എച്ച്.എസ്
ഭരണങ്ങാനം



# ഓർമകളുടെ ഞരമ്പ്



**ലിജോ അഗസ്റ്റിൻ**
സെന്റ് തോമസ് കോളജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ പാലാ

**പു**റത്തു ചാറ്റൽമഴയാണ്. കലിതുള്ളിയെത്തിയ പെരുമാരിക്കപ്പുറം ചെറിയൊരു ആശ്വാസം. പക്ഷേ, അയാളുടെ മനസ്സിലപ്പൊഴും കർക്കിടകപ്പെയ്ത്തായിരുന്നു. അപ്പുറത്ത് ആ ഇരുനിലവീടിന്റെ അടുക്കളപ്പുറത്തിരുന്നു മേരിച്ചേടത്തി ഉറക്കെപ്പറഞ്ഞു: “ആദ്യം മഴപ്പെയ്ത്ത്, പിന്നെ മരപ്പെയ്ത്ത്. പിന്നെ... ഓർമകളും. അങ്ങനെയാ കുഞ്ഞേ!”



മേരിച്ചേടത്തി സ്നേഹപൂർവം തന്റെ ഭർത്താവിനെ വിളിക്കുന്നത് കുഞ്ഞെന്നാണ്...

നാട്ടുകാർക്കും ഇടവകക്കാർക്കും കുഞ്ഞേട്ടനാണ്. കാപ്പിൽ കുഞ്ഞൂഞ്ഞ്. പ്രായം ഇരുവർക്കും തൊണ്ണൂറു കഴിഞ്ഞു. മൂന്നുമക്കളാണ്: ജെറി, ജിനു, ജിനി. മൂന്നുപേരും വിദേശത്താണ്. വർഷം അഞ്ചായി ഇരുവരും മക്കളെ കണ്ടിട്ട്.

ഇത്തവണ ക്രിസ്മസിന് മൂന്നുപേരും കൂടുമെന്നു പറഞ്ഞതാണ്. പക്ഷേ, എല്ലാവർക്കും വലിയ തിരക്ക്. കാത്തിരിപ്പിനൊടുവിൽ, നീണ്ട ഫോൺവിളികളില്ലാതെ മൂന്നു പേരും പറഞ്ഞു:

‘‘വലിയതിരക്കാ അപ്പാ. അടുത്ത കൊല്ലമാകാം.” മേരിച്ചേടത്തി പരിഭവം ഉള്ളിൽ ഒതുക്കി. പക്ഷേ, കുഞ്ഞേട്ടനതൊട്ടും ദഹിച്ചിട്ടില്ല.

“മക്കൾക്കൊന്നു വന്നുപോയാലെന്താ... കുഞ്ഞുങ്ങളെ കാണാൻ കൊതിയാകുന്നു.”

മേരിച്ചേടത്തി ഇടയ്ക്കിടെ സുകൃതജപംപോലെ പറയും

“അവർക്കൊക്കെ വലിയ തെരക്കല്ലേടീ...”

ഉള്ളിലൊതുക്കിയ പരിഭവങ്ങൾക്കിടയിലും കുഞ്ഞേട്ടൻ പറയും. ചുക്കിച്ചുളിഞ്ഞ മുഖമുയർത്തി കനപ്പിച്ച് മേരിച്ചേടത്തിയൊന്നു നോക്കും.

ദിനങ്ങളങ്ങനെ കടന്നുപോയി. കാത്തിരിപ്പിനു നീളമേറിത്തുടങ്ങി. മേരിച്ചേടത്തിയുടെ ആരോഗ്യം ക്ഷയിച്ചുതുടങ്ങി. പുലർകാലേ തണുപ്പിനൊപ്പം ആസ്ത്മയും തലപൊക്കി. പിന്നെ വിട്ടുമാറാത്ത പനി, തലറക്കം. കരിമ്പടങ്ങൾ സാന്ത്വനമാകാത്തതോടെ അപ്പുറത്തെ വീട്ടിലെ ദാമുവിനെയും കൂട്ടി കുഞ്ഞേട്ടൻ ആശുപത്രിയിലേക്കു തിരിച്ചു.

‘‘എന്താ കുഞ്ഞേട്ടാ, മക്കളെന്നാ വരണേ?”

ദാമുവിന്റെ ചോദ്യത്തിനു തലകുനിച്ച് അയാൾ നിന്നു. ആശുപത്രിയിൽ ടെസ്റ്റുകൾ തകൃതിയായി നടന്നു. ഒടുവിൽ രോഗം സ്ഥിരീകരിച്ചു. ശ്വാസകോശം ചുരുങ്ങുന്ന രോഗമാണ്. കുറെനാൾ ആശുപത്രിവാസം വേണ്ടി വരും. മക്കൾ മൂന്നും മാറി മാറി വിളിക്കുന്നു. പക്ഷേ, അവർ ആഗ്രഹിച്ചത് മക്കളുടെ സാമീപ്യമായിരുന്നു. മൂന്നു ദിവസം കഴിഞ്ഞ് രോഗം മൂർച്ഛിച്ചു. മേരിച്ചേടത്തി കലങ്ങിയ കണ്ണുകളോടെ തന്റെ ആഗ്രഹം പറഞ്ഞു:

“മക്കളെയെല്ലാം എനിക്കൊരു വട്ടംകൂടി കാണണം.”

നിറമിഴികളോടെ അദ്ദേഹം അവരെ വിളിച്ചു.

‘‘മക്കളേ, അമ്മയ്ക്കു ദീനമല്പം കൂടുതലാ. നിങ്ങളെന്നാ വരണേ?”

‘‘ചാച്ചാ, പൈസ എത്രയായാലും വേണ്ടില്ല നന്നായി ചികിത്സിക്കണം.”

“പിന്നെ ഞങ്ങളുടെ വരവ്... മക്കളുടെ പഠിപ്പ്, ജോലിത്തിരക്ക്...” നൂറുകാരണങ്ങൾ നിരത്തി അവർ ഒഴിഞ്ഞുമാറി. പൊടുന്നനേ ഒരു വെള്ളിടിപോലെ ദീനം മൂർച്ഛിച്ചു. ഒറ്റരാത്രിയുടെ ഇരുളിൽ അയാൾ ഏകനായി.

“മക്കളേ അമ്മച്ചി മരിച്ചു.” വിതുമ്പലോടെ അയാൾ മക്കളെ വിളിച്ചു.

‘‘അപ്പാ, ശവസംസ്കാരത്തിന്റെ ലൈവ് സ്ട്രീമിനു രൂപ കൊടുത്തിട്ടുണ്ട്, ജിനു വരും. എല്ലാവരുംകൂടി വരവ് ബുദ്ധിമുട്ടാ. മക്കളുടെ പഠിപ്പ്, ലീവ് ഇഷ്യൂസ്...” ആദ്യമായി അയാൾക്ക് മേരിച്ചേടത്തിയുടെ വാക്കുകളുടെ അർഥം തിരിച്ചറിഞ്ഞു...

“ആദ്യം മഴപ്പെയ്ത്ത്... പിന്നെ മരപ്പെയ്ത്ത്... പിന്നെ ഇലപ്പെയ്ത്ത്... പിന്നെ.... ഓർമകളുമങ്ങനെയാ...”

മോർച്ചറിയുടെ തണുത്ത വരാന്തയിൽ നനത്ത ശബ്ദമായി മേരിയമ്മയുടെ വാക്കുകൾ അയാൾ കേട്ടു. ഓർമകളുടെ ഞരമ്പുകളിലൊരു രക്തപ്രവാഹമയാൾക്കനുഭവപ്പെട്ടു. ഇരുപത്തിനാലാം വയസ്സിൽ വിവാഹം. ഉള്ളതു കെട്ടിപ്പെറുക്കി വയനാടു ചുരമേറുമ്പോൾ പ്രതീക്ഷകൾ മാത്രമായിരുന്നു കൂട്ട്. പിന്നെ രാവുകൾ പകലാക്കി അധ്വാനം. കൂട്ടിനു രണ്ടാളേയുണ്ടായിരുന്നുള്ളൂ: തമ്പുരാനും മേരിയും... മൂന്നുമക്കളെ പൊന്നുപോലെ നോക്കാൻ മേരിയേറെ ഓടിയിട്ടുണ്ട്. അടുക്കളപ്പണിമുതൽ പറമ്പുപണിവരെ. ജെറിമോനെ വിദേശത്തേക്കയയ്ക്കാൻ കെട്ടുതാലിവരെ പണയം വയ്ക്കേണ്ടി വന്നു. പക്ഷേ, ഇന്നീ ജീവിതസായാഹ്നത്തിൽ... അരണ്ട വെളിച്ചത്തിൽ ഓർമകൾ അയവിറക്കുമ്പോൾ പിറകിൽനിന്നൊരു വിളി: “അപ്പാ...” ജിനുവാണ്: “നമ്മുടെ അമ്മച്ചി...”

“അവരാരും വന്നില്ലേടാ...”

“പപ്പാ, അവർക്കു വലിയ തിരക്കാ. ലൈവ് സ്ട്രീമിങ് അറേഞ്ച് ചെയ്തിട്ടുണ്ട്.” അർഥമറിയില്ലെങ്കിലും അയാൾ തലകുലുക്കി.

സംസ്കാരച്ചടങ്ങുകൾ കഴിഞ്ഞു. സ്വന്തക്കാരും ബന്ധുക്കളും വിടചൊല്ലി. ഒടുവിൽ അയാൾ ഒറ്റയ്ക്കായി... ചുളുങ്ങിയ മുഖവുമായി മോണകാട്ടി ചിരിക്കുന്ന മേരിച്ചേടത്തിയുടെ ചില്ലിട്ട ചിത്രത്തിനു മുമ്പിലെ അരണ്ട വെളിച്ചത്തിന്റെ മുമ്പിൽ അയാൾ അലറിക്കരഞ്ഞു. ഏകാന്തതയിത്രയും ഭയപ്പെടുത്തുന്നതായി അയാൾക്കു മുമ്പു തോന്നിയിട്ടില്ല, ഇതുവരെയും. ബലിഷ്ഠമായ യുവത്വത്തിന്റെ പടവുകൾ ഏറി... വാർധക്യത്തിലേക്കടുക്കുമ്പോൾ, ഇത്രയേറെ ഭീതിദമായൊരു സ്വപ്നം അയാൾ കണ്ടിട്ടുണ്ടാവില്ല.

ഇനിയെന്ത്? ഉത്തരമില്ലാത്ത ചോദ്യത്തിനുമുമ്പിൽ ഒരുവട്ടം അയാൾ പകച്ചു. തോറ്റുകൊടുക്കേണ്ടതല്ല ഈ ജീവിതം. പണ്ടെങ്ങോ വായിച്ചറിഞ്ഞ കിഴവനും കടലുമെന്ന കഥയിലെ വാക്കുകൾ ഉള്ളിലിരമ്പി: തോല്പിക്കാൻ കഴിഞ്ഞേക്കാം. പക്ഷേ, കീഴടക്കാനാവില്ല. ഇരമ്പിയാർക്കുന്ന ഓർമകളുടെ തിരയിളക്കവുമായി അയാൾ പുനർജീവനത്തിന്റെ പുതിയ പാതയിലേക്കു നടന്നുനീങ്ങി... മക്കൾ ഫോണിൽ മാറിമാറി വിളിക്കുന്നു. പുതിയ ആവശ്യം അവർ വെളിപ്പെടുത്തി: ‘‘വസ്തു ഭാഗം വയ്ക്കണം... ബുദ്ധിമുട്ടാകില്ലെങ്കിൽ അപ്പനെ അനാഥമന്ദിരത്തിലാക്കാം. ഒറ്റയ്ക്കു ജീവിക്കണ്ടല്ലോ.” അയാൾ സമ്മതം മൂളി. ഇത്തവണ മക്കൾ മൂന്നും പറന്നെത്തി... വക്കീലിനെക്കൊണ്ടു വിൽപ്പത്രവുമെഴുതിച്ച് അപ്പനെ അനാഥമന്ദിരത്തിലേല്പിച്ച് അവർ തിരികെപ്പറന്നു.

പുതിയ ലോകം, പുതിയ മനുഷ്യർ... നിറയെ കഥകൾ... ഉള്ളു നീറുമ്പോഴും പുതിയൊരു ഭൂമിയും ആകാശവും സ്വന്തമാക്കിയതിന്റെ ചാരിതാർഥ്യം അയാളുടെ മുഖത്തു തുടിച്ചു. തറവാടിനിയും മക്കൾക്കു നൽകിയിട്ടില്ല. അതിനൊരു അവകാശി വേണം. അപ്രതീക്ഷിതമായിരുന്നു അയാൾക്ക് അനാഥമന്ദിരത്തിലെ മുരളിയുടെ സാന്നിധ്യം. എം.ബി.എക്കാരനാണ്, അനാഥൻ, അഗതിമന്ദിരത്തിലെ അമ്മമാർ എടുത്തുവളർത്തിയ കുട്ടി... കരുതലിന്റെ കരങ്ങൾ നഷ്ടപ്പെട്ട അയാൾ കരുതുന്ന കരങ്ങൾ അനുഭവിച്ചു. ഓർമകളുടെ ഞരമ്പുകളിൽ വീണ്ടും രക്തമുണർന്നു. ജന്മബന്ധങ്ങൾക്കപ്പുറം കർമബന്ധങ്ങളുടെ സ്വർണനൂലിഴകളിൽ ദൈവം മനുഷ്യരെ ഒരുമിപ്പിക്കും. ഒരുവട്ടം മറിയാമ്മയുടെ ചിരിക്കുന്ന മുഖമയാൾ കണ്ടു. ശരിയായ തീരുമാനമെന്നവൾ പറയുംപോലെ. വക്കീലിനെക്കണ്ട് മുരളിയുടെ പേരിലേക്ക് തറവാട് എഴുതി നല്കി. ചുക്കിച്ചുളിഞ്ഞ മുഖത്ത് ചെറുചിരി പടർന്നു. ഓർകളുടെ ഞരമ്പുകളിൽ രക്തമിരച്ചു. ചാരിതാർഥ്യത്തോടെ അയാൾ മുരളിയുടെ കരവലയത്തിലൊതുങ്ങി... അകലെ നക്ഷത്രങ്ങൾ മിന്നിച്ചിരിച്ചു... മാലാഖക്കൂട്ടം മംഗളഗാനം പാടി... മുരളിയുടെ ഓർമക്കൂടാരത്തിൽ രക്തമിരമ്പി. ജീവരക്തം. നന്മയുള്ള ഓർമകളൊക്കെയങ്ങനെയാണ്... ആ ഓർമകളുടെ ഞരമ്പുകളിൽ ജീവരക്തമങ്ങനെ കുതിക്കും... ഇടതടവില്ലാതെ... ജീവരക്തം... മറിയാമ്മച്ചേടത്തിയും കുഞ്ഞേട്ടനും മാനത്തെത്താരങ്ങളും കുലുങ്ങിച്ചിരിച്ചു.

■

# കേരളാർപ്പണം



**അച്ചുത് കെ. എസ്.**
എം.എ. പൊളിറ്റിക്സ്
സെന്റ് തോമസ് കോളജ് പാലാ

കേരകേശസുഖക്ഷീരസാഗരിയാം
പ്രേമമലഭൂമി എന്റെ കേരളം
പഞ്ചഭൂതങ്ങളും പഞ്ചേന്ദ്രിയങ്ങളും
രഞ്ജിപ്പിച്ചീടുന്നോരെൻ കേരളം
പാരിജാതോഷ്മളം അംബരേ ദൃശ്യമാം,
പൊന്നിൻ വിളഭൂമി എൻ കേരളം
പുത്രാഭിലാഷങ്ങൾ തീർപ്പാൻ
തിടുക്കിയാം,
ഭൂമിമാതാവാകുമെൻ കേരളം

ദേവപ്രതിഷ്ഠം ദൈവാഭിവാസിതം,
ദൈവത്തിൻ നാടഹോ എൻ കേരളം
പരശുവും കാളിയും അയ്യനും മേവുന്ന,
വിധിഭൂമിയാണെന്റെയീ കേരളം
തോമസും തൊമ്മനും യേശുതൻ ഗീതവും,
സഹ്യൻ പ്രതിധ്വനിപ്പീ കേരളം
പ്രവചനാവാക്യത്തിൽ മനസ്സലിഞ്ഞൊഴുകിയീ,
ഇഫ്താർ വിളമ്പിടുമെൻ കേരളം

മലകളും പാടവും താഴ്‌വാരം കടലോരം,
ഭൂമിപ്രദേശമാമെൻ കേരളം
നദികളും പുഴകളും അരുവിയും ഉറവയും,
ജീവനാഡിയാകുമെൻ കേരളം
വ്യഞ്ജനംതേടിയടുക്കും വിദേശിക്ക്,
സ്വർഗപ്രതീതിയാണെൻ കേരളം
വെഞ്ചാമരങ്ങളും ആലവട്ടങ്ങളും,
രാജാധിഭൂമിയാണെൻ കേരളം

മാറുന്ന ലോകത്തിൽ മാറ്റം വഹിക്കുന്ന,
ആഗ്നേയചക്രമാണെൻ കേരളം
അതിലെരിയും തീനാളം ദുർഭരഗർഭമായ്
സർവംസഹയാകുമെൻ കേരളം
പ്രകൃതിയാം അവളുടെ ബാഷ്പങ്ങളോരോന്നും,
പേമാരിസമമാക്കുമെൻ കേരളം
അതുവഴിയവളിന്ന് കാര്യശാസനംപോൽ,
തനയരെ ഓർമിപ്പതിതെൻ കേരളം

ഗഗനം തകർന്നീടിൽ, ഭൂമി പിളർന്നീടിൽ,
മലമക്കൾ കണ്ണിൽ അവൾ ഉണരും
മരണത്തെ വെല്ലാനും വിധിയെ ജയിപ്പാനും
മലമക്കൾ ഹൃത്തിൽ അവൾ തെളിയും.
സർവദൈവങ്ങളും വാഴുന്നിവിടിന്ന്,
മതമൊന്നു മനുഷ്യത്വമായ് മൊഴിയും
അതുകേൾക്കേ ഹൃദയത്തിൻ അകതാരിൽനിന്നും
ഞാൻ മൊഴിയും ഈ ഞാൻതന്നെ എൻ കേരളം.

# അന്തർമുഖി



**ആൽബിൻ കൊട്ടാരം**
എം.എസ്‌സി. മാത്സ്
സെന്റ് തോമസ് കോളജ്, പാലാ

"ജനനം: 05-04-2025
രാത്രി 12.00 മണി
മരണം: നീ ഇതു മറക്കുമ്പോൾ."

കുളിക്കാനായി തോർത്തുമെടുത്തു കുളിമുറിയിലേക്കു കടന്നു. ഈ പാതിരാത്രിക്ക് എന്താണു ചെണ്ടയടിക്കുന്ന ശബ്ദം? ആവോ, അറിയില്ല. എന്തെങ്കിലുമാകട്ടെ. എല്ലാവരും കിടന്നുറങ്ങിയിട്ടുണ്ടാവണം.

ബക്കറ്റിലേക്കു പാഞ്ഞൊഴുകിയ പൈപ്പിലെ നദിയെ നോക്കി ഒന്നു പുഞ്ചിരിച്ചു. ഇപ്പോൾ മറ്റു ശബ്ദങ്ങളെല്ലാം ഈ ജലമേളത്തിന്റെ താളത്തിൽ ലയിച്ചു കഴിഞ്ഞു. ഇനി സ്വാതന്ത്ര്യത്തിന്റെ സമയമാണ്. ആദ്യമായി സ്വാഗതം. വസ്ത്രങ്ങൾ ഊരി മാറ്റിക്കൊണ്ട് സ്വാഗതപ്രസംഗം ആരംഭിച്ചു: 'ബഹുമാനപ്പെട്ട പ്രസിഡന്റ്, ആദരണീയനായ എം എൽ എ...'

എല്ലാവർക്കും സ്വാഗതം പറഞ്ഞുകഴിഞ്ഞപ്പോഴേക്കും ആകെ ഒരു സ്വാതന്ത്ര്യം. എനിക്കു വട്ടാണെന്നാണ് കൂട്ടുകാർ പറയുന്നത്. ഈ ഇരുട്ടിന്റെ നടുവിൽ, ജലകോലാഹലങ്ങൾക്കിടയിൽ നഗ്നയായി, സ്വതന്ത്രയായി ഈ സ്വാഗതപ്രസംഗം പൂർത്തിയാക്കുമ്പോൾ ഷവറിലെ ജലം കൈയടിക്കും. ഇനി അധ്യക്ഷപ്രസംഗം, ഉദ്ഘാടനം, ആശംസ അങ്ങനെയങ്ങനെ എന്തൊക്കെ കലാപരിപാടികളാണ്! സോപ്പുപത കൊണ്ട് ഒരു ഉടുപ്പ് തയ്ച്ചുകഴിയുമ്പോഴാണ് സംഗീതം ആലപിക്കുന്നതിനായി ഈ നാടിന്റെ വാനമ്പാടി കടന്നുവരുന്നത്. ആഹാ... എത്ര മനോഹരമായ ഗാനം...!

എല്ലാം കണ്ട് മനസ്സുനിറഞ്ഞ് തറയിലേക്കൊഴുകി ബക്കറ്റിലെ വെള്ളം ആരവം പുറപ്പെടുവിച്ചു.

തല തുവർത്തിക്കൊണ്ട് കൃതജ്ഞതാപ്രസംഗം അവസാനിപ്പിച്ചു.

കൊള്ളാം നന്നായിരിക്കുന്നു. ഞാൻ ഒരു അന്തർമുഖിയാണെന്നു പറയുന്നവർക്കു വട്ടാണ്. ഇത്ര ഉച്ചത്തിൽ ഇത്രയധികം പരിപാടികൾ ഈ വേദിയിൽ അവതരിപ്പിക്കാൻ എനിക്കാവുമല്ലോ.



ഈറനണിഞ്ഞ മുടിയുമായി വന്ന് എഴുത്തുമേശയിൽ ഇരുന്നു. തൂലികയോടു കലഹിക്കുന്ന ഈ അക്ഷരങ്ങൾക്ക് എന്നോട് ഇടയ്ക്കു വല്ലാത്ത പ്രണയമാണ്. ഇവ എന്നെ ആകെ പ്രേമപരവശയാക്കുന്നു. എന്ത് എഴുതും?

ബസിൽവച്ച് ചിരിച്ചുകാണിച്ച സീനിയർ ചേട്ടനെക്കുറിച്ച് ആയാലോ?

എന്നോടു ചോദ്യം ചോദിച്ച മാഷിനെക്കുറിച്ചായാലോ?

വയ്യ... എഴുതാൻ നല്ലൊരു വിഷയമില്ല.

ചത്തുപോയ വികാരത്തെ കുത്തിനോവിക്കുന്ന അവന്റെ കഥയിലെ പെൺകുട്ടി ഞാൻ ആണോ? എന്നെ പ്രണയിക്കാൻ അവന് ഇത്ര തിടുക്കം എന്തിനാണ്?

പാവം... എഴുത്തുകാരനാണെന്നാണു വിചാരം. ഒറ്റയ്ക്കു സെമിത്തേരിയിൽ പോയിരുന്നു കാവ്യം എഴുതുന്ന ഭ്രാന്തൻകാമുകൻ. അഴുകിയ പൂക്കളും ഇളകിയ മണ്ണും കുഴഞ്ഞൊരു ഗന്ധം അവനെ പ്രണയിക്കാൻ കൊതിപ്പിക്കുന്നുവെന്ന് എഴുതി ഇന്നലെ ഇട്ട സ്റ്റാറ്റസ് കണ്ട് കുറെ ചിരിച്ചു. ഞാൻ ഒരു അന്തർമുഖിയാണെന്നും കുളിക്കുമ്പോൾ കലാപരിപാടികൾ അവതരിപ്പിക്കുന്ന എനിക്കു ഭ്രാന്താണെന്നും എന്റെ ആകെയുള്ള സുഹൃത്തുപോലും എന്നോടു പറഞ്ഞു. പക്ഷേ, അവൻ എന്നെ ഒരിക്കലും ഭ്രാന്തിയായിട്ടു നോക്കിയിട്ടില്ല.

കഥ ജനിച്ചു. അവൻ എന്നെ പ്രേമിച്ചു. ഞാൻ അവനെയും പ്രേമിച്ചു. ഞങ്ങൾ ഒരുമിച്ച് ഒരു കവിത എഴുതി. ആ വരികൾക്ക് എന്തൊരു സുഗന്ധമായിരുന്നു. എന്റെ തൂലികത്തുമ്പിൽ അവൻ അക്ഷരങ്ങളായി നിറഞ്ഞു. അവന്റെ വരികളിലെ പ്രാസങ്ങൾ എന്റെ ഹൃദയമിടിപ്പുകൾ ആയിരുന്നു. പക്ഷേ, നമ്മുടെ കഥ ആരും വായിച്ചില്ല. നമ്മുടെ കവിത ആരും ചൊല്ലിയില്ല. നീപോലും അതു കേട്ടില്ല. കാരണം ഈ പുറത്തെ മഴ വല്ലാതെ ഒച്ചവച്ചിരുന്നു.

ഞാൻ ഒരു അന്തർമുഖിയല്ല... ഒരു കഥാകാരിയാണ്... ഒരു പാവം കാമുകിയാണ്...

കഥയുമായി ഞാൻ അതുലിനെ കാണാൻ പോയി. ഇത് കോളജ് മാഗസിനിൽ പ്രസിദ്ധീകരിക്കണം. എനിക്കു ഭ്രാന്തില്ലെന്ന് ഈ ലോകം അറിയണം, പിന്നെ എനിക്ക് അവനോടുള്ള പ്രണയവും.

ഇന്ന് അവൻ എന്നെ കാണാൻ വന്നു. വലിയ ശബ്ദമാണു ചുറ്റിലും. എനിക്ക് അവനെ നോക്കാൻ വയ്യ. ഇന്നു രാത്രി പൈപ്പ് വീണ്ടും ജലകീർത്തനം ആലപിക്കുമ്പോൾ നിന്നോടു പറയാനുള്ളതൊക്കെ ഞാൻ പറയും... ഒരു അധ്യക്ഷപ്രസംഗിക ആയി... നിന്നെക്കുറിച്ചു ഞാൻ പാടും, ഗായികയായി... നിന്നെയോർത്ത് ഞാൻ നൃത്തം ചെയ്യും... അതുകേട്ട് ജലം വീണ്ടും കൈയടിക്കും. ഞാൻ അന്തർമുഖിയല്ല... എന്റെ സ്വരം നിങ്ങൾക്കു കേൾക്കാൻ ആവാത്തതാണ്...

എല്ലാവരും എന്നെ ഒരു വയ്യാത്ത കുട്ടിയെപ്പോലെ നോക്കുന്നത് എന്തിനാണ്?

ഊമയും ബധിരയുമാണ് ഞാനെന്നു സാക്ഷ്യപ്പെടുത്തുന്ന സർക്കാർ സർട്ടിഫിക്കറ്റ് എന്തിനാണ് പപ്പ വാങ്ങിയത്... റിസർവേഷൻ ലഭിക്കാൻ ആയിരിക്കും.

■

# കൊളുത്തണം, വരുംതലമുറയ്ക്കായി ഒരു ദീപമെങ്കിലും

*7-ാം പേജ് തുടർച്ച*

ജീവിതമായിരുന്നു അദ്ദേഹത്തിന്റെ ലഹരി. കലയും സാഹിത്യവുമായിരുന്നു അദ്ദേഹത്തിന്റെ പാഷൻ.

'വഴി നടക്കുന്നവനേ/ വഴിയെന്നൊന്നില്ല/ നടന്നുവേണം/ വഴിയാവാൻ' എന്ന് അന്റോണിയോ മച്ചാഡോ. എപ്പോഴും ആൾക്കൂട്ടത്തിനു പിന്നാലെതന്നെ പോകണമെന്നില്ല. സ്വപ്നങ്ങളുടെ വഴിയിൽ ഏകാകിയായാലും ലക്ഷ്യത്തിലെത്തുംവരെ യാത്ര അവസാനിപ്പിക്കരുത്.

വജ്രമാണ് നിങ്ങൾ തേടുന്നതെങ്കിൽ വെള്ളിയിലോ വെങ്കലത്തിലോ തൃപ്തരാകരുത്. തണുത്ത കാലഘട്ടത്തിന്റെ അലസമൗഢ്യത്തിൽ പുതച്ചുമൂടി ഉറങ്ങാൻ ജീവിതത്തെക്കുറിച്ചു സ്വപ്നങ്ങളുള്ളവർക്കു കഴിയില്ല.

'We grow great by dreams. All big men are dreamers' എന്നു വുഡ്രോ വിൽസൺ.

'നാം ഉത്കൃഷ്ടവിചാരങ്ങളും ഉന്നതാദർശങ്ങളും കൊണ്ട് ബുദ്ധി നിറയ്ക്കുക. അപ്പോൾ നമ്മിൽനിന്നു മഹാകർമങ്ങൾ ഉദ്ഭവിക്കും' എന്നു സ്വാമി വിവേകാനന്ദനും ഓർമിപ്പിക്കുന്നു. 'ഞാനെന്ന ഭാവം എത്രത്തോളം കുറയുന്നോ, അത്രത്തോളം ഈശ്വരൻ എന്ന ഭാവം നമ്മിൽ വർധിക്കും' എന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നുണ്ട്.

റോബിൻ ശർമ അദ്ദേഹത്തിന്റെ വിഖ്യാതമായ The Monk who Sold his Ferrari എന്ന ഗ്രന്ഥത്തിൽ അവതരിപ്പിക്കുന്ന ആശയവും സുപ്രധാനമാണ്. റോബിൻ ഇങ്ങനെ എഴുതുന്നു: 'ലോകത്തെ ഏറ്റവും ആഹ്ലാദവും ഊർജസ്വലതയും സംതൃപ്തിയും ഉള്ളവർ നമ്മിൽനിന്ന് അശേഷം വ്യത്യസ്തരല്ല. അസ്ഥിയും മാംസവുംതന്നെയാണ് എല്ലാവരും. ഒരേ പ്രാപഞ്ചിക ഉറവിടത്തിൽനിന്നും വന്നെത്തിയവർ. എങ്കിലും വെറുതെ നിലനിന്നുപോരുകമാത്രമല്ലാത്തവർ. സാധാരണ ജീവിതത്തിൽനിന്നു വ്യത്യസ്തമായി അവർ പലതും ചെയ്യുന്നു. മനുഷ്യശേഷിയുടെ നാളങ്ങളെ ഊതിത്തെളിക്കുന്നു. അവരെന്നും വ്യത്യസ്തമായി ചിന്തിക്കുന്നു. പുതുമയെ സ്വീകരിക്കുന്നു. സാഹസങ്ങൾ ഏറ്റെടുക്കുന്നു. അവർക്ക് ഈ ലോകത്തെ മാറ്റിമറിക്കാനാവും." ജീവിതം മഹത്തായ ഒരനുഗ്രഹമാണെന്നു തിരിച്ചറിയാൻ, ആ തിരിച്ചറിവിൽ അർഥപൂർണമായി ജീവിക്കാൻ നമുക്ക് ഓരോരുത്തർക്കും കഴിയട്ടെ.

എത്ര വളർന്നാലും / മണ്ണിൽ തൊട്ടുതന്നെ നിൽക്കുക./ ആകാശത്തേക്കു കൈകൾ നീട്ടി/ നക്ഷത്രങ്ങൾ പറിച്ചെടുത്ത് /ഭൂമിയിലെ ഇരുളിൽ വിതറുക... എന്ന് പി കെ പാറക്കടവിന്റെ കവിത.

■



# തണൽമരം



**അർപ്പിത ആർ സിനു**
ക്ലാസ് 8
സെന്റ് തോമസ് ഹൈസ്കൂൾ
മരങ്ങാട്ടുപിള്ളി

ഓർമകളുടെ കൂടിച്ചേരൽ
ആവുമെന്നിൽ ഒരു തണൽമരം.
കുടയായ് തണൽ വിരിച്ചൊരീ
അങ്കണത്തിൽ,
നാം കളിയായ് ചിരിയായ്
നിറഞ്ഞപ്പോൾ,
ആശ്രയമായി നിന്നൊരാ മരം.
പൊഴിയും ഇലകളുടെ നൊമ്പരവും,
വിരിയും പുതുതളിരിൻ
പുഞ്ചിരിയും,
ഒരു മിന്നലായി നീ കണ്ടുവല്ലോ.
ഒരു കൊച്ചുകളിക്കൂട്ടായി
എന്നും പൂത്തുനിന്നു.
താങ്ങായും തണലായും കൂടൊരുക്കി.
കാലങ്ങളോളം കൂട്ടുകൂടി നമ്മൾ
ഏറെ കഥകൾ ചൊല്ലിയില്ലേ?
ആ തരുമുത്തശ്ശിതൻ സ്മരണകളിന്നും
എൻ മനസ്സിലൂടെ ഓടിവരുന്നു.
ഒരു കൊച്ചുതൈയായ് വന്നു നിന്നു,
മുറ്റത്തു വടവൃക്ഷമായി നീ മാറിയില്ലേ?
ഒടുവിൽ പിരിയുമ്പോൾ ആ മുത്തശ്ശി
ഒരുപാട് ഓർമകൾ ബാക്കിവച്ചു.